## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3053** | **20.12.2012 ൽ മറുപടിയ്ക്ക്**

# വിലക്കയറ്റം തടയാൻ നടപടി

**ചോദ്യം**

**ശ്രീ. പി.കെ. ബഷീർ:**

**ഉത്തരം**

**ശ്രീ. അനൂപ്ജേക്കബ്**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സർക്കാർ ഫലപ്രദമായി വിപണിയിടപെടൽ നടത്തി വരുന്നുണ്ട്. അരിവില വർദ്ധനവ് നിയന്ത്രിക്കുന്നതിന് സർക്കാരിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ ബി.പി.എൽ/എ.എ.വൈ കാർഡ് ഉടമകൾക്കും കിലോയ്ക്ക് ഒരു രൂപ നിരക്കിൽ പ്രതിമാസം യഥാക്രമം 25 കിലോയും 35 കിലോയും അരി വിതരണം ചെയ്തുവരുന്നു. കൂടാതെ ബി.പി.എൽ കുടുംബങ്ങൾക്ക് 2/- രൂപ നിരക്കിൽ ഗോതമ്പും വിതരണം ചെയ്യുന്നു. ഒഎംഎസ് എസ് നിരക്കിൽ കേന്ദ്രം 60000 മെ.ടൺ അരിയും 30000 മെ.ടൺ ഗോതമ്പും പി.ഡി.എസ് വഴിയുള്ള വിതരണത്തിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ ഒ.എം.എസ്.എസ് സ്കീമിൽ സപ്ലൈകോ മുഖേന വിതരണം ചെയ്യുന്നതിന് 20000 മെ.ടൺ അരിയും 500 മെ.ടൺ ഗോതമ്പും അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ, 20 ശതമാനം കൂടുതൽ അരി വാങ്ങി വിതരണം ചെയ്യുവാൻ സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പൊതുവിപണിയിൽ ആവശ്യ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വേണ്ടി സപ്ലൈകോയും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങളും വിപണി വിലയേക്കാൾ 50% വരെ വിലക്കുറച്ച് വിറ്റും

| | | | |
|---|---|---|---|
| | | | വിപണിയിൽ വിലനിലവാരം പിടിച്ച് നിർത്തുന്നുണ്ട്. കൂടാതെ കാർഡൊന്നിന് പ്രതിമാസം 20 കി.ഗ്രാം അരി കുറഞ്ഞ വിലയിൽ സപ്ലൈകോ വഴി ഒരു കുടുംബത്തിന് നൽകി വരുന്നു.<br><br>കൺസ്യൂമർഫെഡിന്റെ 238 ത്രിവേണി സ്റ്റോറുകളിലൂടെയും, ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണസംഘങ്ങൾ നടത്തുന്ന 1200 ഓളം നീതി സ്റ്റോറുകളിലൂടെയും, കൺസ്യൂമർഫെഡ് നേരിട്ടുനടത്തുന്നവയും, സഹകരണസംഘങ്ങൾ നടത്തുന്നവയുമായ 1921 നന്മ സ്റ്റോറുകളിലൂടെയും ഗുണമേന്മയുള്ള എല്ലാ വിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിൽപന നടത്തുന്നുണ്ട്.<br><br>പഴം-പച്ചക്കറികൾ 30% വരെ വിലക്കുറവിൽ ഹോർട്ടികോർപ്പ് വഴി വിപണനം നടത്തിവരുന്നുണ്ട്. |
| ബി) | മാർക്കറ്റിൽ ഇടപെടുന്ന ഏജൻസികൾക്കു വേണ്ടി സാധനങ്ങൾ വാങ്ങുന്നതിന് ഇടനിലക്കാർ പ്രവർത്തിക്കുന്നതായി അറിയാമോ; | ബി) യും സി) യും | മാർക്കറ്റിൽ ഇടപ്പെടുന്ന ഇടനിലക്കാരെ ഒഴിവാക്കി പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കുന്ന രീതിയിലുള്ള ഇ-ടെൻഡർ വഴിയാണ് സപ്ലൈകോ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നത്. പ്രമുഖ പത്രങ്ങൾ, വെബ്സൈറ്റ് ഇവയിലൂടെ പരസ്യം നൽകി ക്വട്ടേഷൻ സ്വീകരിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യുന്ന സപ്ലയർമാരെ നേരിട്ടുവരുത്തി അവരുമായി നെഗോഷിയേറ്റ് ചെയ്ത് വില പരമാവധി കുറപ്പിച്ചും, ഗുണനിലവാരം ഉറപ്പുവരുത്തിയും കേന്ദ്രീകൃതമായിട്ടാണ് കൺസ്യൂമർ ഫെഡ് സാധനങ്ങൾ വാങ്ങുന്നത്. ഹോർട്ടികോർപ്പിലൂടെ വിതരണം ചെയ്യുന്ന പഴം-പച്ചക്കറികൾ കേരളത്തിലെ കർഷകരിൽ നിന്നു നേരിട്ടും, വി.എഫ്.പി.സി.കെ വിപണികളിലൂടെയും കൃഷി വകുപ്പിന്റെ മൊത്തവ്യാപാര വിപണികളിലൂടെയും സംഭരിക്കുന്നവയാണ്. |
| സി) | എങ്കിൽ അവരെ ഒഴിവാക്കി നേരിട്ട് സാധനങ്ങൾ വാങ്ങുന്നതിനും പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | | |

Beena

സെക്ഷൻ ഓഫീസർ